**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2790** **28-02-2023 - ൽ മറുപടിയ്ക്ക്**

**തകർന്ന് കിടക്കുന്ന റോഡുകളുടെയും വഴികളുടെയും പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് സഞ്ചരിക്കുന്നതിനായി പ്രസ്തുത പ്രദേശത്ത് നിലവിൽ തകർന്ന് കിടക്കുന്ന റോഡുകളും വഴികളും പുനരുദ്ധരിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം വന്യജീവി വനം ഡിവിഷന് കീഴിൽ വരുന്ന പേപ്പാറ വന്യജീവി സങ്കേതത്തിലെ കാറലക്കോട്-കുന്നത്തോരി റോഡ് 2021-22 സാമ്പത്തിക വർഷത്തിൽ 12.48 ലക്ഷം രൂപ വിനിയോഗിച്ച് നവീകരിച്ചിട്ടുണ്ട്. ടി ഡിവിഷന് കീഴിലെ എ.ബി.പി. വനം റെയ്ഞ്ചിലെ മാങ്കോട്-അഞ്ചു നാഴികത്തോട് റോഡ് 2021-22 സാമ്പത്തിക വർഷത്തിൽ 12.70 ലക്ഷം രൂപ വിനിയോഗിച്ച് നവീകരിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി മേഖലകളിൽ താമസിക്കുന്നവർക്ക് പ്രയോജന പ്രദമാകുന്ന റോഡുകളും വഴികളും പുനരുദ്ധരിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് അതാത് പ്രദേശങ്ങളിലെ ഊരുകൂട്ടം കൂടി തീരുമാനമെടുത്ത് തദ്ദേശസ്ഥാപനങ്ങൾ വഴി ആവശ്യമായ തുക കണ്ടെത്തി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ 2006ലെ വനാവകാശ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അനുമതി നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്കായി വനം വകുപ്പ് നീക്കിവച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ? | (ബി) | പേപ്പാറ വന്യജീവി സങ്കേതത്തിലെ റോഡ് നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം 2406-02-110-24-പി.എസ് ഫണ്ടിൽ 3.60 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കോട്ടൂർ-മീൻമുട്ടി റോഡ് നവീകരണത്തിനായി 13.38 ലക്ഷം രൂപ ചിലവിൽ അംഗീകരിച്ച അടങ്കൽ പ്രകാരമുള്ള പ്രവർത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ